# ധീരമായ ചുവടുവെപ്പ്

**ഗൾഫ്** സഹകരണ കൗൺസിലി(ജി.സി.സി)ന്റെ 28-ാമതു ഉച്ചകോടി കഴിഞ്ഞമാസം ഖത്തർ തലസ്ഥാനമായ ദോഹയിൽ ചേരുകയുണ്ടായി. സുഊദി അറേബ്യ, യു.എ.ഇ, ഒമാൻ, ബഹ്റൈൻ, ഖത്തർ, കുവൈത്ത് എന്നീ രാജ്യങ്ങളുടെ പ്രാദേശിക കൂട്ടായ്മയാണ് ജി.സി.സി. അതിന്റെ സമ്മേളനങ്ങളിൽ ആഗോള പ്രാധാന്യമുള്ള തീരുമാനങ്ങൾ പ്രതീക്ഷിക്കാറില്ല. അത്തരം തീരുമാനങ്ങളൊന്നും എടുക്കാൻ മതിയായ സ്വാധീനമോ ഇഛാശക്തിയോ ഉള്ളവരല്ല ജി.സി.സി അംഗങ്ങൾ. എങ്കിലും പശ്ചിമേഷ്യയിലെ സമകാലീന സാഹചര്യം ജി.സി.സിയുടെ 28-ാമതു ഉച്ചകോടിയെ ശ്രദ്ധേയമാക്കിയിരുന്നു. ഇറാഖ്, അഫ്ഗാൻ, ഫലസ്തീൻ, ലബനാൻ തുടങ്ങിയ രക്തരൂഷിതമായ പ്രശ്നങ്ങൾക്കു പുറമെ ചില ജി.സി.സി അംഗങ്ങളുമായി അതിർത്തി പങ്കിടുന്ന ഇറാനു മീതെ അമേരിക്കൻ അധിനിവേശത്തിന്റെ കാർമേഘങ്ങൾ ഉരുണ്ടുകൂടുകയാണ്. ഈ ഉച്ചകോടിക്കു തൊട്ടുമുമ്പാണ് അമേരിക്കയിലെ അന്നപൊളിസിൽ പ്രസിഡന്റ് ബുഷിന്റെ കാർമികത്വത്തിൽ പശ്ചിമേഷ്യൻ സമാധാന സമ്മേളനം അരങ്ങേറിയത്. ഫലസ്തീൻ പ്രശ്നത്തിന് പരിഹാരം കാണുകയായിരുന്നു അതിന്റെ പ്രഖ്യാപിത ലക്ഷ്യമെങ്കിലും ഇസ്രയേലിന്റെ സുരക്ഷ ഉറപ്പാക്കുകയും ഫലസ്തീനികൾക്ക് അവരുടെ ജന്മഭൂമി എന്നെന്നേക്കുമായി വിലക്കുകയുമായിരുന്നു യഥാർഥ ലക്ഷ്യം. ആ ലക്ഷ്യം നേടുന്നതിൽ ബുഷും ഒൽമെർട്ടും ഒരളവോളം വിജയിക്കുകയും ചെയ്തു.

കഴിഞ്ഞമാസം ആദ്യവാരത്തിൽ തന്നെയാണ് മനാമയിലെ സംവാദത്തിൽ പങ്കെടുത്തുകൊണ്ട്, ലോകസമാധാനത്തിന് പൊതുവിലും പശ്ചിമേഷ്യൻ സുരക്ഷക്കു വിശേഷിച്ചും ഏറ്റവും വലിയ ഭീഷണി ഇറാനാണെന്നും ആണവരാഷ്ട്രമായ ഇസ്രയേൽ ആർക്കും ഭീഷണിയാവില്ലെന്നും യു.എസ് പ്രതിരോധ സെക്രട്ടറി സങ്കോചലേശമന്യെ പ്രസംഗിച്ചത്. ഇറാനിയൻ ആണവോർജ പദ്ധതിയുടെ മറവിൽ മുസ്‌ലിം ലോകത്തിനെതിരെ ഒരന്തിമ യുദ്ധത്തിന് പാശ്ചാത്യലോകത്തെ പാകപ്പെടുത്താനുള്ള അമേരിക്കൻ സമ്മർദതന്ത്രങ്ങൾ വിജയിച്ചു വരുന്നതിന്റെ ലക്ഷണങ്ങളുണ്ട്. ഫ്രാൻസും ജർമനിയും അമേരിക്കയുമായി അണിചേരാൻ സന്നദ്ധരായി കഴിഞ്ഞിരിക്കുന്നു.

ദോഹയിൽ ഒത്തുകൂടിയ ജി.സി.സി തലവന്മാർ സങ്കീർണമായ ഈ സാഹചര്യത്തിൽ അടിയുറച്ചും ആർജവമുള്ളതുമായ നയസമീപനങ്ങൾ സ്വീകരിക്കേണ്ടതുണ്ടായിരുന്നു. പക്ഷേ, സാമ്രാജ്യത്വശക്തികളുമായുള്ള സുരക്ഷാ കരാറുകളുടെയും വാണിജ്യ ഇടപാടുകളുടെയും കുടിലമായ വ്യവസ്ഥകളിൽ കുടുങ്ങിക്കിടക്കുകയാണവർ. അതിനാൽ തങ്ങളുടെ അന്താരാഷ്ട്ര സാമ്പത്തിക വിനിമയം, തകർച്ച നേരിടുന്ന ഡോളറിൽനിന്ന് മെച്ചപ്പെട്ട യൂറോയിലേക്കു മാറാനുള്ള അഭിലാഷം പോലും ഉച്ചകോടിക്ക് ഒരു തീരുമാനമായി പ്രഖ്യാപിക്കാനായില്ല. ഈ പരിമിതികൾക്കും നിസ്സഹായതകൾക്കുമിടയിലും ജി.സി.സി ഉച്ചകോടി പശ്ചിമേഷ്യയുടെ ഭാവിയെ ആഴത്തിൽ സ്വാധീനിക്കുന്ന നിർണായകമായ ചില ചുവടുവെപ്പുകൾ നടത്തിയത് കാണാതിരുന്നുകൂടാ. ഉച്ചകോടിയിലേക്ക് ജി.സി.സിയിൽ അംഗമല്ലാത്ത ഇറാനെ ക്ഷണിച്ചതാണ് അതിലേറ്റവും പ്രധാനമായത്. ഈ നീക്കത്തിനെതിരെ അമേരിക്ക അതിന്റെ സമ്മർദ തന്ത്രങ്ങൾ മുഴുവൻ പയറ്റി നോക്കിയതാണ്. ഒരവസരത്തിൽ പ്രസിഡന്റ് ബുഷ് രോഷാകുലനാവുക തന്നെ ചെയ്തുവെന്നാണ് റിപ്പോർട്ട്. അതിനെയെല്ലാം മറികടന്ന് ഇറാനെ 28-ാമതു ഉച്ചകോടിയിൽ പങ്കെടുപ്പിക്കാൻ ജി.സി.സി കാണിച്ച ധൈര്യവും തന്റേടവും ശ്ലാഘനീയമാണ്. ഇറാനിൽ സൈനികാധിനിവേശത്തിന് ചുരമാന്തിക്കൊണ്ടിരിക്കുന്ന അമേരിക്കക്ക് ആ രാജ്യത്തിന് ഇപ്പോൾ ആണവായുധം പരീക്ഷിക്കാനാവില്ല എന്ന അന്താരാഷ്ട്ര ആണവോർജ സമിതിയുടെ റിപ്പോർട്ടും നാലു വർഷം മുമ്പേ ഇറാൻ ആണവായുധ പദ്ധതി മരവിപ്പിച്ചിരിക്കുന്നുവെന്ന യു.എസ് നാഷ്നൽ ഇന്റലിജൻസ് റിപ്പോർട്ടും നൽകിയതിനേക്കാൾ വലിയ തിരിച്ചടിയാണ് ഇറാനെ മേഖലയുടെ ഉച്ചകോടിയിൽ പങ്കെടുപ്പിച്ചതിലൂടെ ജി.സി.സി നൽകിയിരിക്കുന്നത്. ഇറാനോട് അമേരിക്കയും യൂറോപ്പും പുലർത്തുന്ന വിദ്വേഷവും അയിത്തവും അസ്പൃശ്യതയും പങ്കുവെക്കാൻ അറബ്‌ലോകം തയാറില്ല എന്ന് ലോകത്തോട് വിളിച്ചുപറഞ്ഞിരിക്കുകയാണ് ജി.സി.സി ഉച്ചകോടി.

ഉച്ചകോടിയിൽ ഇറാന്റെ സാന്നിധ്യത്തെക്കുറിച്ച് ജി.സി.സി സെക്രട്ടറി അബ്ദുർറഹ്മാൻ അൽ അത്വിയ്യ പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാകുന്നു: "ഇറാനെ യോഗത്തിലേക്ക് ക്ഷണിക്കാനുള്ള തീരുമാനം ജി.സി.സി അംഗങ്ങൾ വളരെ ആലോചിക്കുകയും വിശദമായി ചർച്ച ചെയ്യുകയും ചെയ്തശേഷം എടുത്തതാണ്. ഏതാനും ആഴ്ചകളായി വമ്പിച്ച മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ലോക സാഹചര്യത്തിൽ അറബ് രാഷ്ട്രങ്ങൾ ധീരമായ ഒരു ചുവടുവെപ്പ് നടത്തിയിരിക്കുകയാണ്. ഇറാന്റെ കാര്യത്തിൽ ജി.സി.സി സ്വീകരിച്ച ഈ സമീപനം അമേരിക്കയെയും യൂറോപ്പിനെയും ഇരുത്തി ചിന്തിപ്പിക്കും." ഉച്ചകോടി ഉദ്ഘാടനം ചെയ്തുകൊണ്ട് ഖത്തർ അമീർ പറഞ്ഞു: "പശ്ചിമേഷ്യൻ സംഘർഷം ഇവിടെ ഒതുങ്ങിനിൽക്കുന്ന പ്രാദേശിക സംഘർഷമല്ല. യഥോചിതമായ പരിഹാരമുണ്ടായില്ലെങ്കിൽ അത് മുഴുവൻ ലോകത്തെയും ഗ്രസിക്കും." ഫലസ്തീൻ, ഇറാഖ് പ്രശ്നങ്ങളോടൊപ്പം ഇറാൻ പ്രശ്നത്തെ കൂടി ഉദ്ദേശിച്ചാണ് അദ്ദേഹമിതു പറഞ്ഞതെന്നു വ്യക്തമാണ്.

ഗൾഫ് സുരക്ഷാകരാറും സാമ്പത്തിക സഖ്യവുമാണ് ജി.സി.സിയിൽ ഇറാൻ പ്രസിഡന്റ് അഹ്മദീ നിജാദ് ഉന്നയിച്ച മുഖ്യ നിർദേശങ്ങൾ. പശ്ചിമേഷ്യൻ പദ്ധതികളെ ബാഹ്യ സ്വാധീനത്തിൽനിന്ന് മോചിപ്പിക്കണമെന്നും പുറംലോകത്തിന്റെ ബലാൽക്കാരമായ ഇടപെടലുകൾ തീർത്തും അവസാനിപ്പിച്ച് സ്വതന്ത്രമായ സുരക്ഷാ സംവിധാനം കെട്ടിപ്പടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മേഖലയുടെ സുരക്ഷ സംബന്ധിച്ച് ഇറാൻ ഉന്നയിക്കുന്ന യാതൊരു നിർദേശവും പരിഗണിച്ചു പോകരുതെന്ന് അമേരിക്ക താക്കീതു ചെയ്തിരുന്നതുകൊണ്ടാവാം ഈ ആവശ്യം കൂടുതൽ വിശദമായ വിചിന്തനങ്ങളും ചർച്ചകളും അനിവാര്യമായ കാര്യങ്ങൾ എന്നു പറഞ്ഞു മാറ്റി വെക്കുകയായിരുന്നു. സാമ്പത്തിക സഹകരണമാവട്ടെ, നേരത്തേ തന്നെ ജി.സി.സിയുടെ പരിഗണനയിലുണ്ടായിരുന്ന വിഷയമാണ്. 2008-ൽ തന്നെ കോമൺ മാർക്കറ്റ് ആരംഭിക്കാനും 2010-ഓടെ പൊതു കറൻസി നടപ്പിലാക്കാനും ഉച്ചകോടി തീരുമാനിച്ചിട്ടുണ്ട്.

പാശ്ചാത്യ ലോകത്തിന് ചതുർഥിയായ ഇറാനെ കൂടി ചേർത്തുപിടിച്ചു കൊണ്ടുള്ള ജി.സി.സിയുടെ നീക്കം പുതിയൊരു തുടക്കമാണെങ്കിൽ ഈ മാർഗത്തിലുള്ള മുന്നേറ്റത്തിലൂടെ വിദൂരമല്ലാത്ത ഭാവിയിൽ സാമ്രാജ്യത്വ മേൽക്കോയ്മകളിൽനിന്ന് മുക്തമായി പശ്ചിമേഷ്യ അതിന്റെ സ്വതന്ത്രമായ അസ്തിത്വം വീണ്ടെടുക്കുകയും മേഖലയിൽ രചനാത്മകമായ ഐക്യവും സമാധാനവും സാക്ഷാത്കരിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കാം. ■